മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ബി.ആർക്ക് കോഴ്സ് - സിലബസ് പരിഷ്കരണം - 2019-20 അധ്യയന വർഷം മുതൽ പരിഷ്കരിച്ച സിലബസ് (കരിക്കുലം, മാനുവൽ ഉൾപ്പെടെ) നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശുപാർശകൾ - അംഗീകരിച്ച് ഉത്തരവാകുന്നു.

====================================================================

**അക്കാദമിക് വിഭാഗം**

സ.ഉ.നം.158/എIV/1/2020/അക്കാദമിക് പി.ഡി.ഹിൽസ്,തീയതി:14.01.2020

====================================================================

വായിക്കുക:-

1. 14.10.2019 നു കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ മിനിറ്റ്സ്.
2. 30.11.2019-ലെ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം: 174/Ac.19/195151 (31.12.2019-ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നമ്പർ 01/19.11/190797 ആയി സമർപ്പിച്ചത്)

## ഉത്തരവ്

സർവകലാശാലയിൽ 2019-20 അക്കാദമിക വർഷം മുതൽ ബി.ആർക്ക് കോഴ്സിന്റെ സിലബസ് പരിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് സർവകലാശാല ആസ്ഥാനത്തുകൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ യോഗം സൂചന (1) പ്രകാരം ബി.ആർക്ക് കോഴ്സിന്റെ പരിഷ്കരിച്ച മാനുവൽ, കരിക്കുലം, സിലബസ് എന്നിവ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ പ്രസ്തുത ശുപാർശ വിശദമായി പരിശോധിച്ച ബഹു.വൈസ് ചാൻസിലർ പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ 12.11.2019-ൽ ഉത്തരവാകുകയും, അതിൻ പ്രകാരം വിഷയം അക്കാദമിക് കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 30.11.2019-നു കൂടിയ അക്കാദമിക് കൗൺസിൽ യോഗം സൂചന (ii) പ്രകാരം താഴെപ്പറയും വിധം തീരുമാനിക്കുകയും ആയത് 31.12.2019-ലെ സിൻഡിക്കറ്റ് യോഗത്തിൽ ഇനം. നം.01/19.11/190797 ആയി സമർപ്പിക്കപ്പെടുകയും ചെയ്തിരുന്നു.

'ബി.ആർക്ക് പ്രോഗ്രാമിന്റെ കരട് സിലബസ് അംഗീകരിക്കുന്നതിനും കോഴ്സിന്റെ 2019-20 അദ്ധ്യയന വർഷം മുതൽ ടി പരിഷ്കരിച്ച സിലബസ് (കരിക്കുലം, മാനുവൽ ഉൾപ്പെടെ) നടപ്പിലാക്കുന്നതിനുമുള്ള ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശുപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.'

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ജെസ്സി ജോൺ
അസിസ്റ്റന്റ് രജിസ്ട്രാർ(II) അക്കാദമിക്
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ബോർഡ് ഓഫ് സ്റ്റഡീസ്, ചെയർമാൻ & അംഗങ്ങൾ.
4. പ്രിൻസിപ്പാൾ (ബന്ധപ്പെട്ട കോളേജുകൾ).
5. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/ അക്കാദമിക്).
6. ഇ.ഐ XXXII, എസി.സി I/II, പി.ആർ.ഒ/ഇ.ബി സെക്ഷനുകൾ).
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ, റെക്കോർഡ് സെക്ഷൻ.
8. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ഫയർ നം. Ac.AIV/01/19558/B.Arch Syllabus Revision/2019

സെക്ഷൻ ഓഫീസർ